**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5073** **20-03-2025 - ൽ മറുപടിയ്ക്ക്**

**എറണാകുളം മണ്ഡലത്തിലെ ദർശന നഗർ പുനരധിവാസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. ജെ. വിനോദ്** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | എറണാകുളം മണ്ഡലത്തിൽ ഇളംകുളം വില്ലേജിലെ ദർശന നഗർ പുനരധിവാസ നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | (എ) | എറണാകുളം ജില്ലയിലെ കണയന്നൂർ താലൂക്കിൽ എളംകുളം വില്ലേജിൽ സർവ്വെ നം.1083 ൽ ഉൾപ്പെട്ട പ്രദേശമാണ് ദർശന നഗർ. പ്രസ്തുത പ്രദേശത്ത് താമസിച്ചു വരുന്ന 16 കുടുംബങ്ങൾ കൈവശഭൂമി പതിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് തഹസിൽദാർ മുമ്പാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പതിവിനാസ്പദമായ ഭൂമി റവന്യൂ രേഖകളിൽ "പുഴപുറമ്പോക്ക്" എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. പട്ടയ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി പുഴപുറമ്പോക്ക് ഡീവെസ്റ്റ് ചെയ്ത് ലഭ്യമാക്കണമെന്നറിയിച്ച് കൊച്ചിൻ കോർപ്പറേഷനിലേക്ക് കണയന്നൂർ തഹസിൽദാർ മുഖേന കത്ത് നൽകിയിട്ടുള്ളതുമാണ്.<br><br>പ്രസ്തുത അപേക്ഷകരുടെ പുനരധിവാസം സംബന്ധിച്ച് നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ